**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 69** **08-08-2023 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധി തട്ടിപ്പ് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം തട്ടിയെടുക്കുന്നതിനായി ഏജന്റുമാരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന വൻലോബി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ സഹായധനം കൈമാറുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.<br><br>മുൻ സർക്കാർ അധികാരത്തിൽ (25.05.2016-ൽ) വരുമ്പോൾ 29,930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെട്ടിരുന്നില്ല. ഈ അപേക്ഷകളിൽ അർഹരായ എല്ലാവർക്കും തുക അനുവദിച്ചത് കഴിഞ്ഞ സർക്കാരാണ്.<br><br>2016 ജൂൺ മാസം മുതൽ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾക്കായി വെബ് സൈറ്റ് മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ, നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനവും, അതോടൊപ്പം അർഹത നിർണ്ണയിക്കുന്നതിനുള്ള ഓൺലൈൻ ഓഫീസ് സംവിധാനങ്ങളും ആ ഘട്ടത്തിൽ ഏർപ്പെടുത്തി. നിലവിൽ ബന്ധപ്പെട്ട കളക്ടർമാർ അപേക്ഷകൾ ശിപാർശ ചെയ്യുന്ന വിധം പൂർണ്ണമായും ഓൺലൈനിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.<br><br>ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയെങ്കിലും അനർഹരായ ചിലരെങ്കിലും ധനസഹായം നേടിയെടുക്കുന്നതായ പരാതിയെ തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം എല്ലാ ജില്ലാ കളക്ടറേറ്റുകളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തി. |

| | | | |
|---|---|---|---|
| | | | വ്യാജ രേഖകൾ ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായും, അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കാതെയും, മതിയായ ഫീൽഡ് പരിശോധന നടത്താതെയും, വരുമാനം കൃത്യമായി കണ്ടെത്താതെയും, അപേക്ഷകളോടൊപ്പം നൽകിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തിയും ധനസഹായത്തിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചിട്ടുള്ളതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ വിജിലൻസിന്റെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ സഹായധനം കൈമാറുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്.<br><br>മുൻ സർക്കാർ അധികാരത്തിൽ (25.05.2016-ൽ) വരുമ്പോൾ 29,930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തുക അനുവദിക്കപ്പെട്ടിരുന്നില്ല. ഈ അപേക്ഷകളിൽ അർഹരായ എല്ലാവർക്കും തുക അനുവദിച്ചത് കഴിഞ്ഞ സർക്കാരാണ്.<br><br>2016 ജൂൺ മാസം മുതൽ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾക്കായി വെബ് സൈറ്റ് മുഖേനയോ, അക്ഷയ കേന്ദ്രങ്ങൾ വഴിയോ, നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനവും, അതോടൊപ്പം അർഹത നിർണ്ണയിക്കുന്നതിനുള്ള ഓൺലൈൻ ഓഫീസ് സംവിധാനങ്ങളും ആ ഘട്ടത്തിൽ ഏർപ്പെടുത്തി. നിലവിൽ ബന്ധപ്പെട്ട കളക്ടർമാർ അപേക്ഷകൾ ശിപാർശ ചെയ്യുന്ന വിധം പൂർണ്ണമായും ഓൺലൈനിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.<br><br>ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയെങ്കിലും അനർഹരായ ചിലരെങ്കിലും ധനസഹായം നേടിയെടുക്കുന്നതായ പരാതിയെ തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം എല്ലാ ജില്ലാ കളക്ടറേറ്റുകളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തി.<br><br>വ്യാജ രേഖകൾ ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായും, അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കാതെയും, മതിയായ ഫീൽഡ് പരിശോധന നടത്താതെയും, വരുമാനം കൃത്യമായി |

| | | | |
|---|---|---|---|
| | | | കണ്ടെത്താതെയും, അപേക്ഷകളോടൊപ്പം നൽകിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തിയും ധനസഹായത്തിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചിട്ടുള്ളതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ദുരിതാശ്വാസ നിധിയിലെ തട്ടിപ്പ് തടയുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ വിജിലൻസ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിനും, വകുപ്പുതല അച്ചടക്ക നടപടികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ